(ബി) ഭൂരഹിതരായ കുടുംബങ്ങളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിന് പരമാവധി ഭൂമി കണ്ടെത്താൻ മിച്ചഭൂമി കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും, വ്യാജ പട്ടയം ചമച്ച് കയ്യേറിയ സർക്കാർ ഭൂമി ഏറ്റെടുത്ത് അർഹരായവർക്ക് പതിച്ച് നൽകുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി

167(870) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയനുസരിച്ച് അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഭൂമി നൽകാൻ സാധിച്ചിട്ടുണ്ടോ :

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി ആകെ എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ശേഷിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) മിച്ചഭൂമി പതിച്ചു നൽകുന്നത് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലും, ബന്ധപ്പെട്ട ചട്ടങ്ങളിലും ഉള്ള പ്രസക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. അതിന് ഒരു പ്രത്യേക പദ്ധതിയുമായും ബന്ധമുള്ളതല്ല. ഈ നിയമപ്രകാരം ചെറുകിട കൈവശക്കാർക്കും ഭൂമി പതിച്ചു നൽകുവാൻ വ്യവസ്ഥയുണ്ട്.

(ബി-ഡി) ഉദിക്കുന്നില്ല.

സർക്കാർ ഭൂമി കൈയേറിയതുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനായുള്ള കോടതി ഉത്തരവ്

168(872) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡിൽ സർക്കാർ ഭൂമി കൈയേറിയതുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനായുള്ള ഉത്തരവ് കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചതെന്നും മേൽവിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തീയതി സഹിതം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

നദീതടങ്ങളുടെ സംരക്ഷണത്തിനും അനധികൃത മണലെടുപ്പ് തടയുന്നതിനുമുള്ള നിയമം നടപ്പിലാക്കാൻ നടപടികൾ

169(873) ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണത്തിനും അനധികൃത മണലെടുപ്പ് തടയുന്നതിനുമുള്ള നിയമം നടപ്പിലാക്കാൻ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ :

(ബി) ഇതിനാവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ :

(സി) നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളുടേയും അതിന്റെ വൃഷ്ടി പ്രദേശങ്ങളുടേയും സമഗ്ര വികസനത്തിനും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനും, നദികളിൽ കടവുകൾ നിർമ്മിക്കുന്നതിനും, നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും കൂടിവെള്ള സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതുമായ നിരവധി പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങൾ നിലവിൽ വന്ന ശേഷം നിരവധി പദ്ധതികൾ/പ്രവൃത്തികൾ സംസ്ഥാതല ഉന്നതാധികാര സമിതി സൂക്ഷ്മ പരിശോധന നടത്തുകയും ഈ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, എന്നിവയുടെ തീരങ്ങളിൽ രാമച്ചം വച്ചു പിടിപ്പിക്കുന്നതിനും പുഴയിലേക്ക് വാഹനങ്ങൾ ഇറങ്ങാൻ പറ്റാത്തവിധം പടവുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിൽ നദീതീരങ്ങളിൽ രാമച്ചം വച്ചു പിടിപ്പിക്കുകയും അതുവഴി നദികളുടേയും തീരങ്ങളുടേയും, ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സാധിക്കുമെന്നതിനാൽ ഇത്തരത്തിലുള്ള പദ്ധതികൾ സംസ്ഥാനത്തൊട്ടാകെയുള്ള

LIBRARY ARCHIVES Kerala Legislative Assembly